**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6356** **10-11-2021 - ൽ മറുപടിയ്ക്ക്**

**പുതിയ സ്കൂൾ കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയത് കോവിഡ് സാഹചര്യത്തിൽ പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; | (എ) | കോവിഡ് മഹാമാരിയോടനുബന്ധിച്ച് രാജ്യമാകെ ഏർപ്പെടുത്തിയ ലോക്ഡൗണും മറ്റു നിയന്ത്രണങ്ങളും കാരണം സംസ്ഥാനത്തെ പല സ്കൂളുകളിലെയും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യത്തിൽ കുട്ടികളെ അക്കോമഡേറ്റ് ചെയ്യുന്നതിന് അസൗകര്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരിയോടനുബന്ധിച്ച് രാജ്യമാകെ ഏർപ്പെടുത്തിയ ലോക്ഡൗണും മറ്റു നിയന്ത്രണങ്ങളും കാരണം സംസ്ഥാനത്തെ പല സ്കൂളുകളിലെയും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ? | (സി) | ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം സ്വീകരിക്കേണ്ട നടപടികളുടെ മാർഗ്ഗ നിർദ്ദേശം എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും 05/10/2021-ലെ ഡബ്ല്യു(1)/39792/2017/ഡി.ജി.ഇ സർക്കുലർ മുഖേന നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ - മാതൃഭാഷ

നം.ഡബ്ല്യൂ(1) 39792/2017/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
തിരുവനന്തപുരം. തീയതി:05/10/2021
Phone No.0471-2580583
Email: supdtw.dge@kerala.gov.in

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - വർക്സ് വിഭാഗം - സ്കൂൾ തുറക്കൽ മുന്നൊരുക്കങ്ങൾ, സ്കൂളുകളുടെ ക്ഷമത - സംബന്ധിച്ച്

സൂചന:- 30/09/2021-ൽ ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചേംബറിൽ ചേർന്ന അവലോകന യോഗം.

മേൽ സൂചന പ്രകാരം സ്കൂളുകൾ തുറക്കുന്നതിന്റെ പശ്ചാത്തലത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ ക്ഷമത ഉറപ്പാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ പ്രഥമാധ്യാപകരും ബന്ധപ്പെട്ട അധികാരികളിൽ നിന്നും സ്കൂൾ കെട്ടിടങ്ങളുടെ ക്ഷമത പരിശോധന സർട്ടിഫിക്കറ്റ് 16/10/2021 ന് മുൻപായി വാങ്ങേണ്ടതാണ്.
2. പ്രഥമാധ്യാപകർ എല്ലാ ക്ലാസ് മുറികളുടെയും ഭൗതിക പരിശോധന നടത്തേണ്ടതും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. സ്കൂൾ പരിസരത്ത് കുട്ടികളുടെ സുരക്ഷക്കു ഭീഷണിയായി നിലനിൽക്കുന്ന മരങ്ങൾ ഉണ്ടെങ്കിൽ അവ വെട്ടിനീക്കുന്നതിനുള്ള നടപടികൾ നിലവിലുള്ള ഉത്തരവുകൾക്കനുസൃതമായി സ്വീകരിക്കേണ്ടതാണ്.
4. ആസ്ബറ്റോസ് മേൽക്കൂരയുള്ള കെട്ടിടങ്ങൾ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് അനുവദനീയമല്ല.
5. സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം നടത്തുന്നതിന് വേണ്ടി പൊളിച്ചുമാറ്റിയിട്ടുണ്ടെങ്കിൽ ആയതിന് പകരം സംവിധാനം ഒരുക്കേണ്ടതാണ്.
6. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകളിൽ നിർമ്മാണ സാമഗ്രികളും കെട്ടിടങ്ങളും കുട്ടികളുടെ സുരക്ഷക്ക് ഭീഷണി ആകാത്ത രീതിയിൽ ക്രമീകരിക്കുവാൻ നടപടി എടുക്കേണ്ടതാണ്.
7. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി സ്കൂളിൽ വൃത്തിയുള്ള ശൗചാലയങ്ങൾ, കുടിവെള്ള വിതരണ സംവിധാനം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
8. മതിയായ ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ യാതൊരു കാരണവശാലും തുറന്നു പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല.

(മറുപുറം)

9. സ്കൂൾ കെട്ടിടങ്ങളുടെ ക്ഷമത ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകളിൽ പരിശോധന നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് 21/10/2021 നകം വിദ്യാഭ്യാസ ഉപഡയറക്ടർക്കു നൽകേണ്ടതും, സമാഹരിക്കപ്പെട്ട റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 23/10/2021 നകം സമർപ്പിക്കേണ്ടതുമാണ്.

സി.എ.സന്തോഷ്
പെൻ നം: 362891
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

സ്വീകർത്താവ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
5. എല്ലാ എൽ.പി/യു.പി. പ്രഥമാധ്യാപകർക്കും (എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
6. സ്കൂൾ പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ (ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മുഖേന)
7. എല്ലാ ആർ.ഡി.ഡി.മാർക്കും (ഹയർ സെക്കന്ററി വിഭാഗം)
8. എല്ലാ എ.ഡി മാർക്കും(വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)
9. എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പാൾമാർക്കും (ആർ.ഡി.ഡി.മുഖേന)
10. എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി പ്രിൻസിപ്പാൾമാർക്കും (എ.ഡി.മുഖേന)
11. കരുതൽ ഫയൽ

സെക്ഷൻ ഓഫീസർ